national book festival 2018

കേരള സാഹിത്യ അക്കാദമി
തൃശൂർ
01.02.2018

പത്രക്കുറിപ്പ് 2

# മലയാളത്തിലെ ആദ്യത്തെ ട്രാൻസ്ജെന്റർ കവിതാസമാഹാരം പ്രകാശനംചെയ്തു

തൃശൂർ : വിജയരാജമല്ലിക എഴുതിയ മലയാളത്തിലെ ആദ്യത്തെ ട്രാൻസ്ജെന്റർ കവിതാസമാഹാരം 'ദൈവത്തിന്റെ മകൾ' ദീപാ നിശാന്തിന് നൽകി വൈശാഖൻ പ്രകാശനംചെയ്തു. കേരള സാഹിത്യ അക്കാദമി ദേശീയപുസ്തകോത്സവത്തോടനുബന്ധിച്ചാണ് പുസ്തകപ്രകാശനം നടന്നത്. ദൈവത്തിന്റെ മകൾ എന്നതുകൊണ്ട് പ്രകൃതിയുടെ മകൾ എന്നാണ് മല്ലിക വിവക്ഷിക്കുന്നതെന്ന് വൈശാഖൻ പറഞ്ഞു. എല്ലാ ഇടങ്ങളിൽനിന്നും അകറ്റിനിർത്തപ്പെട്ടവർ അവകാശപ്പെട്ടതെല്ലാം തിരിച്ചുപിടിക്കുന്ന കാഴ്ചയാണ് ട്രാൻസ്ജെന്ററുകളുടെ സജീവസാന്നിദ്ധ്യം വ്യക്തമാക്കുന്നത്. അവഗണിക്കപ്പെട്ടവർ നക്ഷത്രങ്ങളായി തിരിച്ചുവരുന്നത് ജനാധിപത്യത്തെ കൂടുതൽ അർത്ഥപൂർണമാക്കുമെന്നും അദ്ദേഹം പറഞ്ഞു. ദീപാ നിശാന്ത് അധ്യക്ഷത വഹിച്ചു. രഞ്ജു രഞ്ജിമ, ഇ.സന്ധ്യ, രമേശ്, ശീതൾ ശ്യാം, വിജയരാജമല്ലിക, അനിൽ മാരാത്ത് എന്നിവരും സംസാരിച്ചു.

സർഗസ്വരം പ്രസിദ്ധീകരിച്ച ഗംഗാധരൻ ചെങ്ങാലൂരിന്റെ നോവൽ 'ശംബൂകൻ' ചിത്രൻ നമ്പൂതിരിപ്പാട് പ്രകാശനംചെയ്തു. ഡോ.ടി.ആർ.ശങ്കുണ്ണി പുസ്തകം സ്വീകരിച്ചു. പാങ്ങിൽ ഭാസ്കരൻ അധ്യക്ഷനായി. സാവിത്രി ലക്ഷ്മണൻ സമ്മേളനം ഉദ്ഘാടനം ചെയ്തു. രാമചന്ദ്രൻ വല്ലച്ചിറ പുസ്തകപരിചയം നടത്തി. കാവിൽ രാജ്, എൻ.മൂസക്കുട്ടി, ശ്രീജിത്ത് മൂത്തേടത്ത് എന്നിവരും സംസാരിച്ചു.

വൈകീട്ട് ഷഹബാസ് അമന്റെ ഗസൽ സന്ധ്യയും അരങ്ങേറി.

ഡോ.കെ.പി.മോഹനൻ
സെക്രട്ടറി